## 664

വന്ന വഴികൾ ഒന്നോർത്തിടുകിൽ ഇന്നയോളം നടത്തിയ നാഥാ
നന്ദിയല്ലാതിന്നൊന്നുമില്ല എന്നും കരങ്ങളിൽ വഹിച്ചവനേ (2)

1 നന്മ മാത്രം ഞങ്ങൾക്കായ് തന്നു നവ്യമാക്കി ഈ ജീവിതം
നാവിനാലെ കീർത്തിച്ചിടുവാൻ നാൾമുഴുവൻ കൃപ കാട്ടി നീ (2)

2 ബഹുദൂരം   മുന്നോട്ടു പോകാൻ ബലം നൽകി നീ നടത്തി
തളർന്നോരോ നേരത്തിലെല്ലാം തവ കരങ്ങൾ ആശ്വാസമായ് (2)

3 ഓടി മറയുന്ന നാളുകളെല്ലാം ഓർപ്പിക്കുന്നു നിൻ കാരുണ്യം
ഓരോ ജീവിതനിമിഷങ്ങൾ പോലും ഓതിടുന്നു തവസാന്നിദ്ധ്യം (2)

4 മനസ്സിൻ വ്യഥ നീയെന്നും കണ്ടു മനസ്സലിഞ്ഞു നീ ദയ കാട്ടി
ഇരുളേറും പാതയിലെല്ലാം ഇതുവരെയും താങ്ങിയല്ലോ (2)

**Joy J.**